(ബി) ഈ അക്രമവുമായി ബന്ധപ്പെട്ട് പത്രപ്രവർത്തകർക്കെതിരെ കേസ്സ് എടുക്കാനുണ്ടായ സാഹചര്യം വ്യക്തമാക്കുമോ;

(സി) ഈ അക്രമവുമായി ബന്ധപ്പെട്ട് പ്രേരണക്കുറ്റത്തിന് ഏതെങ്കിലും നേതാക്കൻമാർക്കെതിരെ കേസ്സ് എടുത്തിട്ടുണ്ടോ; ഉണ്ടെങ്കിൽ ആരുടെയെല്ലാം പേരിലാണ് കേസ്സ് എടുത്തതെന്ന് വ്യക്തമാക്കാമോ;

(ഡി) കോഴിക്കോട് കരിപ്പൂർ വിമാനത്താവളത്തിൽ മുസ്ലീംലീഗുകാർ നടത്തിയ അക്രമവുമായി ബന്ധപ്പെട്ട് എത്ര പേർക്കെതിരെയാണ് കേസ്സ് എടുത്തിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ഇ) ഈ അക്രമവുമായി ബന്ധപ്പെട്ട് പ്രേരണക്കുറ്റത്തിന് ആരുടെയെങ്കിലും പേരിൽ കേസ്സ് എടുത്തിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കുമോ?

ഉത്തരം

(എ) ഈ സംഭവത്തിൽ 30 പേർക്കെതിരെ കേസ്സെടുത്തിട്ടുണ്ട്.

(ബി) പത്രപ്രവർത്തകർ ചെട്ടികുളങ്ങരയിലുള്ള ആർ.എസ്.പി. (ബി)-യുടെ പാർട്ടി ഓഫീസിനകത്ത് പോലീസിനെ തള്ളിമാറ്റി മൂന്നാം നിലയിൽ പ്രവർത്തിക്കുന്ന ഓഫീസ് മുറിക്കകത്ത് കയറുകയും പടിഞ്ഞാറ് വശത്തുള്ള ജനൽ ഗ്ലാസുകൾ പൊട്ടിക്കുകയും കസേരകൾ മറിച്ചിടുകയും മുറിക്ക് പുറത്ത് പടിഞ്ഞാറുവശം ഭിത്തിയിൽ ഫിറ്റ് ചെയ്തിരുന്ന ട്യൂബ് ലൈറ്റ് ഉടച്ച് നശിപ്പിക്കുകയും റോഡും പോലീസ് വാഹനവും ഉപരോധിക്കുകയും ചെയ്തതിനാണ് കേസ് എടുത്തിട്ടുള്ളത്.

(സി) ഇല്ല.

(ഡി) 23 പേർക്കെതിരെ.

(ഇ) ഇല്ല. ഈ അക്രമവുമായി ബന്ധപ്പെട്ട് ആരും തന്നെ പ്രേരണക്കുറ്റം ചെയ്തതായി കേസിന്റെ അന്വേഷണത്തിൽ വെളിവായിട്ടില്ല.

ട്രാഫിക് നിയമങ്ങളുടെ ബോധവൽക്കരണം

39 [3090] ശ്രീ. ടി. കെ. ബാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് റോഡപകടങ്ങൾ വർദ്ധിച്ചുവരുന്നത് കണക്കിലെടുത്ത് ട്രാഫിക് പോലീസ് രാത്രികാല പട്രോളിംഗ് ശക്തമാക്കുമോ;

(ബി) അപകടങ്ങൾ കുറയ്ക്കുന്നതിന് ട്രാഫിക് നിയമങ്ങൾ സാധാരണ ജനങ്ങളെ കൂടി ബോദ്ധ്യപ്പെടുത്തുവാൻ സർക്കാർ നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ശക്തമായി രാത്രികാല പട്രോളിംഗ് നടത്തിവരുന്നുണ്ട്.

(ബി) അപകടങ്ങൾ കുറയ്ക്കുന്നതിന് ട്രാഫിക് നിയമങ്ങൾ സാധാരണ ജനങ്ങളെ കൂടി ബോദ്ധ്യപ്പെടുത്തുവാൻ ഉള്ള നടപടികൾ എടുത്തുവരുന്നുണ്ട്.

റോഡപകടങ്ങൾ ഒഴിവാക്കുന്നതിന് നടപടി

40 [3091] ശ്രീ. എ. എ. അസീസ്:

,, കോവൂർ കുഞ്ഞുമോൻ: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

ഹൈവേ പട്രോളിംഗ് പോലീസിന്റെ സേവനം റോഡപകടങ്ങൾ ഒഴിവാക്കുന്നതിന് എത്രത്തോളം പ്രയോജനകരമാണെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

റോഡപകടങ്ങൾ കുറയ്ക്കുന്നതിന്റെ ഭാഗമായി നാഷണൽ ഹൈവേയിലും, എം.സി.റോഡിലും അപകടകരമായും അശ്രദ്ധമായും, മദ്യപിച്ചുകൊണ്ടും ഓവർലോഡ് കയറ്റിയും, അമിതവേഗത്തിലും, രാത്രികാലങ്ങളിൽ ഡിമ്മും, ബ്രൈറ്റും പ്രവർത്തിപ്പിക്കാതെയും വാഹനമോടിക്കുന്നവരുടെ പേരിൽ നിയമ നടപടികൾ കൈക്കൊണ്ടും, അപ്രതീക്ഷിതമായുണ്ടാകുന്ന ട്രാഫിക് പ്രശ്നങ്ങളിലും വാഹന അപകടങ്ങളിലും പൊതുജന സഞ്ചാരം തൽസമയം തന്നെ ഹൈവേ പോലീസെത്തി നിയന്ത്രിച്ച്, വാഹന അപകടത്തിരക്ക് കുറക്കുന്നതിന് സാധിച്ചിട്ടുണ്ട്. ഹൈവേ പട്രോളിംഗ്-നെ സഹായിക്കുന്നതിനായി പോലീസ് ആസ്ഥാനത്ത് സ്റ്റേറ്റ് പോലീസ് ഓപ്പറേഷണൽ റൂമിന്റെ ഭാഗമായി പ്രവർത്തിക്കുന്ന അലർട്ട് സംവിധാനം 24 മണിക്കൂറും പ്രവർത്തിച്ചുവരുന്നുണ്ട്. ഇതിന്റെ പ്രധാന ഉദ്ദേശ്യം പ്രധാന റോഡുകളിലും മറ്റും ഉണ്ടാകുന്ന ട്രാഫിക് അപകടത്തിലും, പ്രശ്നങ്ങളിലും മറ്റും എത്രയും പെട്ടെന്ന് പോലീസ് സേവനം എത്തിക്കുകയാണ്.

മൊത്തം വാഹന അപകടങ്ങളുടെ എണ്ണം പരിശോധിക്കുമ്പോൾ അപകട മരണങ്ങളുടെ എണ്ണം വാഹന വർദ്ധനവിന് ആനുപാതികമായി വർദ്ധിക്കുന്നില്ല എന്ന് കാണുന്നുണ്ട്. വാഹനാപകട വർദ്ധന നിരക്ക് വാഹന സംഖ്യാ വർദ്ധന നിരക്കിനേക്കാൾ കുറവാണ്. അതുകൊണ്ട് ഹൈവേ പെട്രോളിംഗ് പൊതുവേ ഫലപ്രദമാണ് എന്ന് വിലയിരുത്താവുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly